# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2672 — 27.01.2014 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ നബാർഡിന്റെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്- XVIII ൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി ലഭിച്ച ചെങ്കള, മുളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള RDWSS പദ്ധതിക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ട്: വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ചെങ്കള, മുളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന് 2350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഘടകങ്ങളായ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഉന്നതതല സംഭരണികൾ, വിതരണ ശൃംഖല, പമ്പ് സെറ്റുകൾ എന്നിവ ഒരു പാക്കേജ് ആയി കണക്കാക്കി ആയതിനുള്ള ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ നടന്നുവരുന്നു. |
| (സി) | ഈ പ്രവൃത്തി നടപ്പിലാക്കുന്നത് ജില്ലയിൽ ആരുടെ ചുമതലയിലാണെന്ന് വിശദമാക്കാമോ; | (സി) & (ഡി) | പ്രസ്തുത പ്രവൃത്തി കേരള വാട്ടർ അതോറിറ്റി കണ്ണൂർ പ്രോജക്ട് ഡിവിഷനു കീഴിലുള്ള, കാസർഗോഡ് ജില്ലയിലെ ഉപ്പള പ്രോജക്ട് സബ്ഡിവിഷനാണ് നടത്തിവരുന്നത്. |
| (ഡി) | മേൽ പ്രവൃത്തി ജില്ലയിലെ വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ടവരെ ഏൽപ്പിക്കുന്ന വിഷയം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ